ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:11.08.2026**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്തിൻറെ പേര് കേരളം എന്ന് പുനർനാമകരണം ചെയ്യുന്ന ബില്ലിന് ലോക്സഭയുടെ അംഗീകാരം. നടപടികൾ പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2. ഓണക്കാലത്ത് ഗാർഹിക പാചക വാതക വിതരണത്തിനുള്ള കാത്തിരിപ്പ് കാലയളവ് കുറയ്ക്കണമെന്ന് അഭ്യർഥിച്ച് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്, കേന്ദ്ര സർക്കാരിന് കത്തയച്ചു.
3. സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയാറാക്കുമെന്ന് ഗതാഗത മന്ത്രി സി.പി ജോൺ.
4. കർക്കടക വാവുബലിയ്ക്കുള്ള മുന്നൊരുക്കങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി. പിതൃതർപ്പണ ചടങ്ങുകൾ നാളെ പുലർച്ചെ മുതൽ ആരംഭിക്കും.
5. പ്രശസ്ത ചിന്തകനും ശാസ്ത്രപ്രചാരകനുമായ എം. പി. പരമേശ്വരൻ അന്തരിച്ചു.

RNU TVPM

6. മഴയ്ക്ക് ശമനമുണ്ടായെങ്കിലും കുട്ടനാട്ടിൽ മഴക്കെടുതികൾ തുടരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയെന്ന് കാലാവസ്ഥ മുന്നറിയിപ്പ്.

**<u>ലോക്സഭ - ഇൻട്രോ</u>**

സംസ്ഥാനത്തിൻറെ പേര് കേരളം എന്ന് പുനർനാമകരണം ചെയ്യുന്ന ബില്ലിന് ലോക്സഭയുടെ അംഗീകാരം. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായി ആണ് ബിൽ അവതരിപ്പിച്ചത്. കേരള എന്നതിന് പകരമാണ് ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ ഭേദഗതി വരുത്തി കേരളം എന്ന പേര് സംസ്ഥാനത്തിന് ഔദ്യോഗികമായി നൽകുന്നത്.

(ഹോൾഡ്)

കേന്ദ്ര മന്ത്രിസഭയുടെയും, സംസ്ഥാന നിയമസഭയുടെയും അംഗീകാരത്തിന് ശേഷമാണ് ബിൽ പാർലമെൻറിൻറെ പരിഗണനയ്ക്ക് എത്തിയത്. ഇരുസഭകളും പാസ്സാക്കിയ ശേഷം രാഷ്ട്രപതി കൂടി അംഗീകരിക്കുന്നതോടെ ഇത് സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കും. പുനർനാമകരണ ബില്ലിന്മേലുള്ള ചർച്ചകളിൽ നിന്നും കേരളത്തിൽ നിന്നുള്ള എംപിമാർ വിട്ടുനിന്നതിനെ ശ്രീ നിത്യാനന്ദ റായ് വിമർശിച്ചു. ദേശീയ സഹകരണ വികസന കോർപ്പറേഷൻ ഭേദഗതി ബില്ലും ലോക്സഭ ഇന്ന് പാസ്സാക്കി. പ്രതിപക്ഷ ബഹളത്തിനിടെ ചർച്ച കൂടാതെയാണ് ഇരുബില്ലുകളും പാസ്സാക്കിയത്.

RNU TVPM

## രാജ്യസഭ

ട്രൈബ്യൂണൽ റിഫോംസ് ബിൽ, 2026 പാർലമെൻറ് പാസ്സാക്കി. ലോക്സഭ ഇന്നലെ പാസ്സാക്കിയ ബിൽ രാജ്യസഭയും ഇന്ന് അംഗീകരിക്കുകയായിരുന്നു. ദേശീയ ട്രൈബ്യൂണൽ കമ്മീഷൻ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികളാണ് ബിൽ മുന്നോട്ട് വയ്ക്കുന്നത്. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെൻറ് ഇന്നും പ്രക്ഷുബ്ധമായിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## മന്ത്രി അനൂപ് ജേക്കബ്

ഓണക്കാലത്ത് ഗാർഹിക പാചക വാതക വിതരണത്തിനുള്ള കാത്തിരിപ്പ് കാലയളവ് കുറയ്ക്കണമെന്ന് അഭ്യർഥിച്ച് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്, കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരിയ്ക്ക് കത്തയച്ചു. നിലവിൽ, ഗാർഹിക ഇന്ധനം ബുക്കിംഗിനുള്ള കാത്തിരിപ്പ് കാലയളവ് നഗരപ്രദേശത്ത് 25 ദിവസവും ഗ്രാമങ്ങളിൽ 45 ദിവസവുമാണ്. ഓണക്കാലത്ത് അധിക ആവശ്യകതയുള്ളതിനാൽ, ഈ സമയവ്യത്യാസം കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് കത്തിൽ പറയുന്നു.

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## കർമ്മ പദ്ധതി: മന്ത്രി സി.പി ജോൺ

സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയാറാക്കുമെന്ന് ഗതാഗത മന്ത്രി സി.പി ജോൺ. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വാഹനങ്ങളുടെ ബാഹുല്യത്താൽ കാൽനടക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിന്

ഏറെ പ്രയാസം അനുഭവിക്കേണ്ടി വരുന്ന സാഹചര്യത്തിൽ റോഡുകളിലെ സീബ്രാ ലൈനുകളുടെ വീതി അടിയന്തരമായി വർധിപ്പിക്കും. മൾട്ടിലൈൻ ട്രാഫിക് വരുന്ന പാതകളിൽ 'പെഡസ്ട്രിയൻ ക്രോസിങ് റെസ്ക്യൂ സ്ലോട്ട്' സജ്ജീകരിക്കും. ഈ രണ്ട് സുരക്ഷാ സംവിധാനങ്ങളും തിരുവനന്തപുരം കിഴക്കേക്കോട്ട, സ്റ്റാച്യു എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ അടിയന്തരമായി നടപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

## ഒരുക്കങ്ങൾ പൂർണം : മന്ത്രി കെ.മുരളീധരൻ

കർക്കടക വാവുബലി തർപ്പണത്തിന് സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. നാളെ പുലർച്ചയാണ് പിതൃതർപ്പണ ചടങ്ങുകൾ ആരംഭിക്കുന്നത്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള തർപ്പണ കേന്ദ്രങ്ങളിൽ എത്തുന്ന ഭക്തർക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാൻ നിർദ്ദേശം നൽകിയതായി മന്ത്രി കെ.മുരളീധരൻ അറിയിച്ചു. തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം, തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, ആലുവ ശിവക്ഷേത്രം, തിരുനാവായ നാവാമുകുന്ദ ക്ഷേത്രം തുടങ്ങി ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള പ്രധാന തർപ്പണ കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങളൊരുക്കിയതായും മന്ത്രി അറിയിച്ചു.

## കർക്കിടക വാവ്; ആലുവ മണപ്പുറം (ഇൻട്രോ)

ബലിതർപ്പണത്തിനുള്ള ഒരുക്കങ്ങൾ ആലുവ മണപ്പുറത്ത് പൂർത്തിയായി. നാളെ പുലർച്ചെ ആരംഭിക്കുന്ന പിതൃതർപ്പണ കർമങ്ങൾ വൈകിട്ടു മൂന്നുവരെ തുടരും.

വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ...

(വോയിസ്)

## നാവികസേനകളുടെ സംയുക്ത അഭ്യാസ പ്രകടനം

ഇന്ത്യ-യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്ഫോടകവസ്തു നിർവീര്യമാക്കൽ

അഭ്യാസപ്രകടനം കൊച്ചിയിൽ തുടരുന്നു. ദക്ഷിണ നാവിക കമാൻഡിൽ നടക്കുന്ന 5 ദിവസത്തെ അഭ്യാസപ്രകടനം വെള്ളിയാഴ്ച സമാപിക്കും.

PNU TVPM

## എം. പി. പരമേശ്വരൻ

പ്രമുഖ ശാസ്ത്രജ്ഞനും ശാസ്ത്രപ്രചാരകനും കമ്യൂണിസ്റ്റ് സൈദ്ധാന്തികനുമായ എം. പി. പരമേശ്വരൻ അന്തരിച്ചു.

91 വയസ്സായിരുന്നു. ശാസ്ത്ര സാഹിത്യ പരിഷത്തിലൂടെ,സാധാരണ ജനങ്ങളിലേക്ക് ശാസ്ത്രത്തെ എത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ച അദ്ദേഹം, നിരവധി പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. തൃശൂർ കിരാലൂർ സ്വദേശിയായ അദ്ദേഹം കേരള സാഹിത്യ അക്കാദമിയുടെ സമഗ്ര സംഭാവന പുരസ്കാരം ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. പ്രതിപക്ഷനേതാവ് പിണറായി വിജയൻ ഉൾപ്പെടെ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

## കുട്ടനാട് - ഇൻട്രോ

മഴയ്ക്ക് ശമനമുണ്ടായെങ്കിലും കുട്ടനാട്ടിൽ മഴക്കെടുതികൾ തുടരുന്നു. മഴവെള്ളം ഇറങ്ങിയതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് ജനങ്ങൾ വീടുകളിലേക്ക് മടങ്ങി തുടങ്ങി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ...**
(വോയിസ്)
സംസ്ഥാനത്ത് മഴയ്ക്ക് പൊതുവേ ശമനമായിട്ടുണ്ട്. എന്നാൽ കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ ഇന്ന് രാത്രി 8.30 മുതൽ നാളെ രാത്രി 11.30വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

## കെ.എസ്.ആർ.ടി.സി റിസർവേഷൻ

ഓണത്തോടനുബന്ധിച്ച്, കെ.എസ്.ആർ.ടി.സിയുടെ പ്രത്യേക അന്തർസംസ്ഥാന സർവീസുകളിൽ റിസർവേഷൻ ആരംഭിച്ചു. ഈ മാസം 18 മുതൽ സെപ്റ്റംബർ 2 വരെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് ബെംഗളൂരു, മൈസൂരു, ചെന്നൈ എന്നിവിടങ്ങളിലേക്കും തിരിച്ചുമാണ് പ്രത്യേക സർവീസുകൾ നടത്തുന്നത്. യാത്രക്കാരുടെ എണ്ണം കൂടുന്നതിനനുസരിച്ച് കൂടുതൽ സർവീസുകൾ ഏർപ്പെടുത്തും. keralartc.com വെബ്സൈറ്റിലൂടെയും എൻറെ കെ.എസ്.ആർ.ടി.സി മൊബൈൽ ആപ്പ് വഴിയും ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ഇതിനു പുറമെ എല്ലാ കെ.എസ്.ആർ.ടി.സി റിസർവേഷൻ കൗണ്ടറുകളിലും ബുക്കിങ് സൗകര്യമുണ്ടായിരിക്കും.

## എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷം

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനും പ്രാധാന്യം നൽകുമെന്ന് കേന്ദ്രസർക്കാർ. ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകും. സ്വാതന്ത്യ ദിനാഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യമെമ്പാടും ഹർഘർ തിരംഗയുടെ ഭാഗമായി തിരംഗയാത്രകളും, ദേശസ്നേഹമുണർത്തുന്ന പരിപാടികളും തുടരുകയാണ്.

RNU TVPM